# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 31 തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

മറുപടി നൽകുന്ന മന്ത്രിമാർ

ഊർജ്ജ വകുപ്പുമന്ത്രി
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി

## മിനറൽ സ്ക്വാഡുകൾ

*631 ശ്രീ. എം. എ. വാഹീദ്
'' വി. റ്റി. ബൽറാം
'' കെ. ശിവദാസൻ നായർ
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിനറൽ സ്ക്വാഡുകൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഈ സ്ക്വാഡുകൾ പ്രവർത്തിക്കുന്നത്;

(സി) സ്കാഡുകൾ വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊള്ളാനുദ്ദേശിക്കുന്നു എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ഹാൻടെക്സ്/ഹാൻവീവ് വൈവിദ്ധ്യവത്കരണം

*632 ശ്രീ. പി. ബി. അബ്ദുൾ റസാക്
'' എം.പി. അബ്ദുസ്സമദ് സമദാനി
,, എൻ. ഷംസുദ്ദീൻ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാൻടെക്സ്/ഹാൻവീവ് ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപണനം എന്നിവ കാര്യക്ഷമമാക്കി സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനം ഉദ്ദേശിച്ചു നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) ഇതിനായി ഏറ്റെടുത്തിട്ടുള്ള ഗവേഷണ പരിപാടികളുടെ വിശദവിവരം നൽകാമോ;

(സി) നാച്ച്വറൽ ഡൈ, ആയുർവ്വേദ മരുന്നുകളിൽ നിന്നുല്പാദിപ്പിക്കുന്ന ഡൈ എന്നിവ ഉപയോഗിച്ച് ഇക്കോഫ്രന്റ്ലി ആയിട്ടുള്ളതും, മെഡിസിനൽ ഇഫക്ടുള്ളതുമായ വസ്ത്രനിർമ്മാണത്തെക്കുറിച്ച് ഗവേഷണമെന്തെങ്കിലും നടക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ഇത്തരം ഗ്രീൻഫാബ്രിക്സിന്റെ വൈദ്യശാസ്ത്രപരമായ ഗുണം തെളിയിക്കാനുതകുന്ന പരീക്ഷണനിരീക്ഷണങ്ങൾ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആ വിധത്തിലുള്ള പരീക്ഷണങ്ങളിലൂടെ നമ്മുടെ പരമ്പരാഗത ഉല്പന്നങ്ങൾക്ക് ലോകവിപണിയിൽ പ്രാമുഖ്യം ഉറപ്പിക്കാനുള്ള അവസരത്തിനുവേണ്ടി ശ്രമം നടത്തുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>അനധികൃത സംഘടനകൾക്കെതിരെ നടപടി</u>

*633 ശ്രീ. എം.എ. ബേബി
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, സാജു പോൾ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവരെ സഹായിക്കാനെന്ന വ്യാജേന അനധികൃത സംഘടനകൾ പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാർ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ഇത്തരം സംഘടനകളെക്കുറിച്ച് ഓരോ ജില്ലയിലും എത്രവീതം പരാതികൾ ലഭിച്ചിട്ടുണ്ട് ;

(സി) ഇത്തരം അനധികൃത സംഘടനകളുടെ പ്രവർത്തനം തടയുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ദത്തെടുക്കൽ നടപടിക്രമങ്ങൾ</u>

*634 ശ്രീ. സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനാഥരായ കുട്ടികളെ ദത്തെടുക്കുന്നതിൽ നില നിൽക്കുന്ന നടപടി ക്രമങ്ങൾ എന്തെന്ന് വിശദമാക്കാമോ ;

(ബി) ദത്തെടുക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുന്ന ദമ്പതികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി നടപടി ക്രമങ്ങൾ ലഘൂകരിക്കുമോ ;

(ഡി) ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ഇൻകം സപ്പോർട്ട് സ്കീം

*635 ശ്രീ. റ്റി. വി. രാജേഷ്
'' ജി. സുധാകരൻ
,, കെ. വി. വിജയദാസ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ, കൈത്തറി, പനമ്പ് തുടങ്ങിയ കരകൗശല മേഖലയ്ക്ക് വേണ്ടിയുള്ള ഇൻകം സപ്പോർട്ട് സ്കീം ഇപ്പോഴും തുടരുന്നുണ്ടോ;

(ബി) ഈ സ്കീം ഏതെല്ലാം ഘടകങ്ങളെ സംയോജിപ്പിച്ചുകൊണ്ടായിരുന്നു നടപ്പാക്കി വന്നിരുന്നത്;

(സി) ഈ വർഷം ഈ സ്കീമിന്റെ ഭാഗമായി എന്ത് തുക ചെലവ് പ്രതീക്ഷിക്കുന്നു; ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നറിയിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ഇലക്ട്രോണിക് ഓഡിറ്റിംഗ്

*636 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
,, കെ.എം. ഷാജി
,, എൻ.എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭകരമായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച വിവരശേഖരണം, പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡ് നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(സി) സമാന സ്വഭാവമുള്ള സ്ഥാപനങ്ങളുടെ ഏകീകരണം ഒരു നയമായി അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏകീകരണത്തിന് അനുയോജ്യമായ സ്ഥാപനങ്ങളെ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റ് കാലവിളമ്പമില്ലാതെ പൂർത്തിയാക്കാൻ സഹായകമായ ഇലക്ട്രോണിക് സംവിധാനം (ഇ.ആർ.പി.) ഏർപ്പെടുത്തുന്ന കാര്യത്തിൽ നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>സ്വാഭാവിക വനങ്ങളുടെ പരിപാലനം</u>

*637 ശ്രീ. പി.എ. മാധവൻ
'' ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്;

(ബി) വനാതിർത്തികളുടെ സർവ്വേ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) നാശം സംഭവിച്ച വനങ്ങൾക്കുപകരം വനം വച്ചുപിടിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ടിക്കറ്റ് നിരക്ക് ഏകീകരണം

*638 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തിയേറ്ററുകളിൽ വിവിധ ടിക്കറ്റ് നിരക്കുകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടിക്കറ്റ് നിരക്കുകൾ ഏകീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നത്;

(ഡി) നിരക്ക് വർദ്ധിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ആധുനിക സൗകര്യങ്ങൾ ഉളള തിയേറ്ററുകൾക്കുമാത്രം ഇതു ബാധകമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>സ്പോര്‍ട്സ് നയം</u>

*639 ശ്രീ. കെ. കുഞ്ഞിരാമന്‍(തൃക്കരിപ്പൂര്‍)
'' കെ. രാധാകൃഷ്ണന്‍
,, പി. ശ്രീരാമകൃഷ്ണന്‍
,, കെ.വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്പോര്‍ട്സ് നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ ;

(ബി) സ്പോര്‍ട്സ് കൗണ്‍സിലുകളുടെ പ്രവര്‍ത്തനങ്ങള്‍ക്കായി എത്ര തുക വകകൊള്ളിച്ചിട്ടുണ്ട് ;

(സി) ഇതിനായി പ്രതീക്ഷിക്കുന്ന കേന്ദ്ര സഹായം സംബന്ധിച്ച് വിശദമാക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>സി. എം. ഡി. യുടെ പ്രവര്‍ത്തനങ്ങള്‍</u>

*640 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സെന്റര്‍ ഫോര്‍ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ (സി. എം. ഡി) പ്രധാന പ്രവര്‍ത്തനങ്ങള്‍ എന്തെല്ലാമാണ്;

(ബി) സി. എം. ഡി സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കില്‍ ഏന്തെല്ലാം നിര്‍ദ്ദേശങ്ങളാണ് നല്‍കിയിട്ടുള്ളത്;

(സി) പ്രസ്തുത സംരംഭങ്ങളുടെ പ്രവര്‍ത്തനം മെച്ചപ്പെടുത്താന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പോഷകാഹാരനയം</u>

*641 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' കെ. ശിവദാസൻ നായർ
,, എ. പി. അബ്ദുള്ളക്കുട്ടി
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോഷകാഹാരനയം നടപ്പിലാക്കുന്നതിന് ആരോഗ്യ സ്ഥാപനങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്തണമെന്നാണ് കരട് നയത്തിൽ പറഞ്ഞിരിക്കുന്നത്;

(ബി) എല്ലാ ആശുപത്രികളിലും പോഷകാഹാര വിദഗ്ധരുടെ സേവനം ഉറപ്പാക്കുമോ;

(സി) കുട്ടികളുടെ ചികിത്സാകേന്ദ്രങ്ങളിൽ ഇതിനു വേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>എസ്.എം.എസ്. മുഖേന പരാതി</u>

*642

ശ്രീ. വി. പി. സജീന്ദ്രൻ
,, സണ്ണി ജോസഫ്
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്ക് അടിയന്തിര ഘട്ടത്തിൽ പരാതി നൽകാനും വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരങ്ങൾ അറിയുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇതിനായി എസ്.എം.എസ്. സംവിധാനം ഏർപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തന രീതി വിശദമാക്കുമോ;

(ഡി) ഏത് ഏജൻസി വഴിയാണ് സംവിധാനം പ്രാവർത്തികമാക്കുന്നത് ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ലോഡ് ഷെഡ്ഡിങ്ങും കുടിവെള്ള വിതരണവും

*643 ശ്രീ. റ്റി. യു. കുരുവിള
'' സി. എഫ്. തോമസ്
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോഡ് ഷെഡ്ഡിങ്ങുമൂലം കുടിവെള്ള വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ കഴിയത്തക്കവിധത്തിൽ ബോർഡിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഭവനശ്രീ പദ്ധതി</u>

*644 ശ്രീമതി കെ. കെ. ലതിക
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് കുടുംബശ്രീ നടപ്പാക്കിയ "ഭവനശ്രീ പദ്ധതി"യുടെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സഹകരണ ബാങ്കുകളിൽ നിന്ന് വീടുവയ്ക്കാൻ ലോണെടുത്ത കുടുംബങ്ങൾ ജപ്തിഭീഷണി നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ദരിദ്രരായ ഗുണഭോക്താക്കൾക്ക് വായ്പ തിരിച്ചടയ്ക്കാൻ സാധിക്കാതെ വന്നപ്പോൾ വായ്പ ഏറ്റെടുത്ത മുൻ സർക്കാരിന്റെ നടപടി പിന്തുടരുമോ ?

## കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക് സംസ്കരണം</u>

*645 ശ്രീ. വി. ചെന്താമരാക്ഷന്‍
'' കെ. രാധാകൃഷ്ണന്‍
'' കെ.വി. അബ്ദുള്‍ ഖാദര്‍
'' പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും **വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്ലാസ്റ്റിക് അവശിഷ്ടങ്ങള്‍ സംസ്കരിച്ച് പെല്ലറ്റുകളാക്കി മാറ്റുന്നതിന് ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലും സംസ്ക്കരണശാലകള്‍ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഇപ്പോള്‍ ഏത് ഘട്ടത്തിലാണ്;

(ബി) എത്ര ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലും ഇത് നടപ്പിലാക്കുകയുണ്ടായെന്ന് വെളിപ്പെടുത്താമോ;

(സി) ഈ വര്‍ഷം ഇതിനായി എന്ത് തുക ചെലവഴിക്കും; ലക്ഷ്യം വിശദമാക്കാമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>സിനിമാ സീരിയലികളിലെ മദ്യപാന രംഗങ്ങൾ</u>

*646 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിനിമാ-സീരിയലുകളിൽ മദ്യപാനരംഗങ്ങൾ സാർവത്രികമായി പ്രദർശിപ്പിക്കുന്നത് കൊണ്ടുള്ള സാമൂഹിക വിപത്തുകളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പുകവലിയുടെ കാര്യത്തിലെന്നപോലെ മദ്യത്തിന്റെ കാര്യത്തിൽ ദൃശ്യമാദ്ധ്യമങ്ങളിൽ വിലക്ക് കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ആഗോളവല്‍ക്കരണ സാമ്പത്തിക നയങ്ങള്‍</u>

*647 ശ്രീമതി കെ. എസ്. സലീഖ
ഡോ. കെ. ടി. ജലീല്‍
ശ്രീമതി പി. അയിഷാ പോറ്റി
,, കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ആഗോളവല്‍ക്കരണ സാമ്പത്തിക നയങ്ങള്‍ സംസ്ഥാനത്തെ സ്ത്രീ ജീവിതത്തില്‍ സൃഷ്ടിച്ചു വരുന്ന ആഘാതങ്ങള്‍ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കില്‍ ആയതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ റെയിൽ പദ്ധതി</u>

*648 ശ്രീ. ലൂഡി ലൂയിസ്
'' എം. പി. വിൻസെന്റ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ പുതുക്കിയ പദ്ധതി രേഖ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയ്ക്ക് കേന്ദ്ര നഗരവികസന മന്ത്രാലയം അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങളിൽ വാണിജ്യസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യത പരിഗണിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടോ;

(ഡി) പദ്ധതി രേഖ പ്രകാരം മെട്രോ റെയിൽ പാതയുടെ ദൈർഘ്യവും സ്റ്റേഷനുകളുടെ എണ്ണവും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ആയത് പൂർത്തിയാക്കാൻ എന്തു തുക വേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(എഫ്) പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം എത്ര നാൾക്കകം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി പ്രതിസന്ധി</u>

*649 ശ്രീ. പി. തിലോത്തമൻ
'' മുല്ലക്കര രത്നാകരൻ
,, ഇ. ചന്ദ്രശേഖരൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് നിലവിലുണ്ടായിരുന്ന ഉല്പാദനത്തേക്കാൾ കൂടുതൽ വൈദ്യുതി ഇപ്പോൾ ഉല്പാദിപ്പിക്കുന്നുണ്ടോ; എങ്കിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് അധികമായി ഉല്പാദിപ്പിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) അധിക വൈദ്യുതി ഉല്പാദനത്തിനായി ദിനംപ്രതി എത്ര ഘനഅടി ജലം ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അധികജലം ഉപയോഗിക്കുന്നതു കൊണ്ട് അടുത്ത വേനൽക്കാലത്ത് ജലദൗർലഭ്യം ഉണ്ടാകാൻ സാദ്ധ്യതയുണ്ടോ; എങ്കിൽ പ്രതിസന്ധി തരണം ചെയ്യാൻ മുൻകൂറായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

വാര്‍ദ്ധക്യകാല പെന്‍ഷന്‍

*650 ശ്രീ. സി. മോയിന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വാര്‍ദ്ധക്യകാല പെന്‍ഷന്‍ അനുവദിക്കുന്നത് വരുമാന സര്‍ട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാക്കുവാന്‍ നടപടി സ്വീകരിക്കുമോ;

(ബി) ബി.പി.എല്‍. കുടുംബമാകണമെന്ന നിബന്ധന വച്ചിരിക്കുന്നതു മൂലം അര്‍ഹരായ പലര്‍ക്കും പെന്‍ഷന്‍ നിഷേധിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ ആയത് പരിഹരിക്കുവാന്‍ നിലവിലുള്ള ഉത്തരവില്‍ ആവശ്യമായ സ്പഷ്ടീകരണം വരുത്തുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി

*651 ശ്രീ. സണ്ണി ജോസഫ്
,, പാലോട് രവി
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) പൊതുമേഖല യൂണിറ്റുകളെ മോണിറ്റർ ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(സി) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ ഉല്പാദനം, മാർക്കറ്റിംഗ്, ധനകാര്യം എന്നിവയിലെ പ്രവർത്തന പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാൻ ഊർജ്ജിത ശ്രമം നടത്തുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പുതിയ കെട്ടിട നികുതി മാനദണ്ഡങ്ങൾ</u>

*652 ശ്രീ. വി. എസ് സുനിൽ കുമാർ
'' കെ. രാജു
'' വി. ശശി
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കെട്ടിട നികുതി നിർദ്ദേശങ്ങൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പുതിയ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കെട്ടിടത്തിന്റെ പഴക്കം അനുസരിച്ച് നികുതി ഇളവ് നൽകണമെന്ന് നിർദ്ദേശമുണ്ടോ;

(സി) പുതുക്കിയ നികുതി നിശ്ചയിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

വനവിഭവങ്ങൾ വ്യവസായികാവശ്യങ്ങൾക്കു നല്കുന്ന പദ്ധതി

*653 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
'' പി. കെ. ബഷീർ
,, എം. ഉമ്മർ
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനവിഭവങ്ങൾ വ്യാവസായിക ആവശ്യങ്ങൾക്ക് നല്കുന്ന പദ്ധതി തുടരുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് അവ നല്കുന്നത്;

(സി) പ്രസ്തുത ആവശ്യത്തിനായി പ്രത്യേക പ്ലാന്റേഷൻ നടത്തുന്നുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നല്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ പ്രതിവർഷം ശരാശരി എന്തു തുക ലഭിക്കുന്നുണ്ട് എന്നു വെളിപ്പെടുത്തുമോ;

(ഇ) പദ്ധതിയുടെ ശരാശരി പ്രതിവർഷ ചെലവെത്രയാണ് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>സിഡ്കോയുടെ പ്രവർത്തനം</u>

*654 ശ്രീ. ഇ. പി. ജയരാജൻ
'' എം. ഹംസ
'' കെ. കെ. ജയചന്ദ്രൻ
'' എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സിഡ്കോയുടെ പ്രവർത്തനം വ്യാപിപ്പിക്കുവാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) സിഡ്കോ ഏറ്റെടുത്ത നിർമ്മാണ പ്രവർത്തനങ്ങളിൽ സമയബന്ധിതമായി പൂർത്തിയാക്കിയ ഏതെങ്കിലും നിർമ്മാണം ഉണ്ടോ ;

(ഡി) സമയബന്ധിതമായി പ്രവർത്തനം നടത്താൻ സാധിക്കാതിരിക്കുന്ന സാഹചര്യം എന്താണ് ;

(ഇ) നിലവിൽ എത്ര പ്രവൃത്തികൾ പൂർത്തിയാക്കുവാനായിട്ടുണ്ട് ; ഇവ ഓരോന്നും എഗ്രിമെന്റ് വ്യവസ്ഥപ്രകാരം എന്ന് പൂർത്തീകരിക്കേണ്ടതായിരുന്നുവെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ കൗൺസിലിംഗ് സംവിധാനം</u>

*655 ശ്രീ. റ്റി. എൻ. പ്രതാപൻ
'' കെ. അച്ചുതൻ
,, സി. പി. മുഹമ്മദ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കില കൗൺസിലിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്കൂളുകളിലെ കൗൺസിലിംഗ് സമ്പ്രദായം ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്;

(സി) കൗൺസിലിംഗിന് വിധേയരാകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു പരിഗണിച്ച് എല്ലാ സ്കൂളുകളിലും കൗൺസിലിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>മൊബൈൽ തീയേറ്ററുകൾ</u>

*656 ശ്രീ. പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിനിമയെ ഗ്രാമങ്ങളിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിനായി മൊബൈൽ തീയേറ്ററുകൾ തുടങ്ങുവാൻ ആലോചനയുണ്ടോ;

(സി) എങ്കിൽ ഇതിന്റെ പ്രവർത്തനരീതി വിശദീകരിക്കുമോ;

(ഡി) ഇതിനുപയോഗിക്കുന്ന വാഹനങ്ങൾ ഫിലിം ഫെസ്റ്റിവലുകൾക്കായി ഫിലിം സൊസൈറ്റികളുടെ ഉപയോഗത്തിന് നൽകുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഓര്‍ഫനേജ് നിയന്ത്രണ നിയമം ഭേദഗതി</u>

*657 ശ്രീ. പി.റ്റി.എ. റഹീം
'' കെ. സുരേഷ് കുറുപ്പ്
,, രാജു എബ്രഹാം
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഓര്‍ഫനേജ് നിയന്ത്രണ നിയമം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്നുണ്ടോ;

(ബി) സര്‍ക്കാര്‍ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോര്‍ട്ടിലെ ഇതു സംബന്ധമായ ശുപാര്‍ശകള്‍ എന്തായിരുന്നു;

(സി) സംസ്ഥാനത്തിപ്പോള്‍ പ്രവര്‍ത്തിക്കുന്ന ഓര്‍ഫനേജുകള്‍ എത്രയാണ്; ഇതില്‍ അടിസ്ഥാന സൗകര്യങ്ങളും ലക്ഷ്യമിട്ട സേവനങ്ങളും കൃത്യമായി നല്‍കിവരുന്നവ എത്ര എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

കില ചൈൽഡ് റിസോഴ്സ് സെന്റർ

*658 ശ്രീ. കെ. ശിവദാസൻ നായർ
'' പി. സി. വിഷ്ണുനാഥ്
,, സി. പി. മുഹമ്മദ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിലയെ ചൈൽഡ് റിസോഴ്സ് സെന്ററാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിന് യൂനിസെഫിന്റെ സഹായം ലഭിയ്ക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വിവിധ ശിശുക്ഷേമസമിതികൾ ഏകീകരിക്കാനുള്ള കേന്ദ്രമാക്കി കിലയെ മാറ്റുമോ ;

(ഡി) എങ്കിൽ ഇതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഖനിജാധിഷ്ഠിത വ്യവസായങ്ങളുടെ വളർച്ച</u>

*659 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
'' കെ. എം. ഷാജി
,, എൻ. എ. നെല്ലിക്കുന്ന്
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖനിജാധിഷ്ഠിത വ്യവസായങ്ങളുടെ വളർച്ച ലക്ഷ്യമിട്ട് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് പുതുതായി എന്തെല്ലാം പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താനാണ് ലക്ഷ്യമിടുന്നത് ;

(ബി) സംസ്ഥാനത്തിന്റെ വ്യവസായക്കുതിപ്പിന് ഏതൊക്കെ ഖനിജങ്ങളുടെ ലഭ്യതയാണ് വരും വർഷങ്ങളിൽ ഉറപ്പുവരുത്തേണ്ടത് എന്നതു സംബന്ധിച്ച രൂപ രേഖ വകുപ്പു തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നല്കാമോ ;

(സി) അടിസ്ഥാന സൗകര്യവികസനത്തിന് അനിവാര്യമായ മണൽ, പാറ. മെറ്റൽ. എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതു സംബന്ധിച്ച് വകുപ്പിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുമോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട് നിലനില്ക്കുന്നതും ഉയർന്നുവരാവുന്നതുമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്ന കാര്യത്തിൽ വകുപ്പു സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ജൈവ വൈവിദ്ധ്യ സംരക്ഷണം</u>

*660 ശ്രീ. കെ. അച്ചുതൻ
'' കെ. മുരളീധരൻ
,, വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനങ്ങളിലെ ജൈവ വൈവിദ്ധ്യ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന വൃക്ഷസസ്യാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിനു വേണ്ടി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(സി) വന്യജീവി സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ / ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബർ 22.